**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2190** **06-07-2022 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് അംഗൻവാടി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സ്മാർട്ട് അംഗൻവാടി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | (എ) സംസ്ഥാനത്ത് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന അങ്കണവാടികൾക്ക് ഒരു ഏകീകൃത മോഡൽ വേണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2019-20 ൽ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി ആരംഭിക്കുകയുണ്ടായി. ടി പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിയ്ക്ക് (10, 7.5, 5, 3, 3 (slopping terrain), 1.25 cent) അനുസരിച്ച് 6 വ്യത്യസ്ത പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. പഠനമുറി, വിശ്രമമുറി, ഭക്ഷണമുറി, അടുക്കള, സ്റ്റോർ റൂം, ഇൻഡോർ ഔട്ട്ഡോർ പ്ലേ ഏരിയ, വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാനാകുന്ന ഹാൾ, പൂന്തോട്ടം തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും ഉറപ്പുവരുത്തിയാണ് സ്മാർട്ട് അങ്കണവാടി രൂപകല്പന ചെയ്തിട്ടുള്ളത്. കുട്ടികൾക്കായി പ്രീസ്കൂൾ ആക്ടിവിറ്റി മെറ്റീരിയൽസ്, സ്മാർട്ട് ടി. വി, മ്യൂസിക് സിസ്റ്റം, ന്യൂട്രിഗാർഡൻ, കുട്ടികൾ വീഴുമ്പോൾ പരിക്ക് പറ്റാതിരിക്കാൻ ക്ലാസ് റൂമിനുള്ളിൽ സോഫ്റ്റ് മാറ്റ്, ഔട്ട്ഡോർ പ്ലേ ഏര്യയിൽ ഗ്രാസ്സ്മാറ്റ്, ചുമർ ചിത്രങ്ങൾ, അഡോളസെന്റ് കുട്ടികൾക്കായി ലൈബ്രറി, മാനസിക ശാരീരിക വികാസത്തിനായി ആവശ്യമായ സജ്ജീകരണങ്ങൾ ഉൾപ്പെടെ സ്മാർട്ട് അങ്കണവാടികളിൽ ഒരുക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിയ്ക്ക് ആനുപാതികമായി ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായും ബാക്കി തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായും കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. |
| (ബി) | കോഴിക്കോട് ജില്ലയിൽ ഈ വർഷം സ്മാർട്ട് അംഗൻവാടികളാക്കാൻ തെരഞ്ഞെടുത്ത അംഗൻവാടികളുടെ പട്ടിക ലഭ്യമാക്കുമോ? | (ബി) | (ബി) കോഴിക്കോട് ജില്ലയിൽ വകുപ്പിന്റെ സ്മാർട്ട് അങ്കണവാടി പദ്ധതിയിൽ ഈ വർഷം ഉൾപ്പെടുത്തുവാൻ തെരഞ്ഞെടുത്ത |

| | | | |
|---|---|---|---|
| | | | അങ്കണവാടിയുടെ വിശദാംശം അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം | ഐസിഡിഎസ് | LSGD | സെന്റർ നം | യൂണിറ്റ് കോസ്റ്റ് | വകുപ്പ് വിഹിതം | LSGD വിഹിതം |
|---|---|---|---|---|---|---|
| 1 | കുന്ദമംഗലം അഡീഷണൽ | മുക്കം മുനിസിപ്പാലിറ്റി | 110 | 32,31,328/- | 20,00,000/- | 12,31,328/- |

സെക്ഷൻ ഓഫീസർ